# വെളിപ്പാടുപുസ്തക പഠനം –5

# വെളിപ്പാടുപുസ്തകം: ദൈവവചനത്തിനു വഹിച്ച സാക്ഷ്യം

## പാസ്റ്റർ സി.വി. ആൻഡ്രൂസ്

### അവൻ അത് തന്റെ ദൂതൻ മുഖാന്തരം അയച്ച് തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു (1:1)

വെളിപ്പാടുപുസ്തകം ദൈവം ക്രിസ്തുവിനും ക്രിസ്തു ഒരു ദൂതനും ദൂതൻ യോഹന്നാനും യോഹന്നാൻ ഏഴു സഭകൾക്കും കൊടുത്തു. അത് നമ്മുടെ കൈവശം പുസ്തകമായി ലഭിച്ചിരിക്കുന്നുയ ഒരു ദൂതൻ മുഖാന്തിരമാണ് ഈ വെളിപ്പാടുകൾ യോഹന്നാന് ലഭിച്ചത്. ഈ ദൂതൻ ആരാണെന്ന് പറഞ്ഞിട്ടില്ല. ദൂതൻ യോഹന്നാന് പ്രദർശിപ്പിച്ചു.

**'യോഹന്നാൻ'** എന്ന പേരിന്റെ അർത്ഥം 'ദൈവത്തിന്റെ ദാനം' എന്നാണ്. സ്നേഹത്തിന്റെ അപ്പൊസ്തൊലൻ എന്ന പേരിൽ യോഹന്നാൻ അറിയപ്പെടുന്നു. മൂന്നുപേരേ യോഹന്നാൻ എന്ന പേരിൽ തിരുവചനത്തിൽ നമുക്കു കാണാം. സെബദിയുടെ മകനായ യോഹന്നാൻ, മറിയയുടെ മകനായ മർക്കോസ് എന്നു മറുപേരുള്ള യോഹന്നാൻ, സ്നാപകയോഹന്നാൻ. വെളിപ്പാടു പുസ്തകം എഴുതിയത് അപ്പൊസ്തൊലനായ യോഹന്നാൻ ആണ്. സെബദിയും ശലോമിയും ആയിരുന്നു യോഹന്നാന്റെ മാതാപിതാക്കൾ (മർക്കോസ് 1:19). സഹോദരന്റെ പേർ യാക്കോബ്. മീൻപിടിത്തമായിരുന്നു യോഹന്നാന്റെ തൊഴിൽ (മത്തായി 4:21). തന്റെ തൊഴിൽ വിട്ടു യോഹന്നാൻ യേശുവിനെ അനുഗമിച്ചു.

### യോഹന്നാന്റെ സ്നേഹത്തിന് അഞ്ചു പ്രത്യേകതകൾ സുവിശേഷങ്ങളിൽ നമുക്കു കാണാം.

1). മാർവ്വിൽ ചാരുന്ന സ്നേഹം (യോഹന്നാൻ 13/22,23)

2). ചുമതല വാങ്ങുന്ന സ്നേഹം (യോഹന്നാൻ 19: 26,27)

3). മുമ്പേ ഓടുന്ന സ്നേഹം (യോഹന്നാൻ 20:4)

4). കടൽക്കരയിലും തിരിച്ചറിയുന്ന സ്നേഹം (യോഹന്നാൻ 21: 7)

5). അന്ത്യംവരെയും പിൻചൊല്ലുന്ന സ്നേഹം (യോഹന്നാൻ 21:20)

സുവിശേഷം, മൂന്നു ലേഖനങ്ങൾ, വെളിപ്പാടുപുസ്തകം എന്നിങ്ങനെ അഞ്ചു പുസ്തകങ്ങൾ യോഹന്നാൻ എഴുതി. ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ ദൂതൻ യോഹന്നാനു പ്രദർശിപ്പിച്ചു. പ്രദർശിപ്പിക്കുക എന്നതിന് ഇംഗ്ലീഷിൽ ശെഴിശല്യ എന്നാണ് കാണുന്നത്. അടയാളത്താൽ കാണിച്ചു എന്നർത്ഥം. എല്ലാവരും കാണത്തക്കവിധത്തിലും കാണേൺടതിനും

തുറന്നുവച്ചിരിക്കുന്നതാണ് പ്രദർശനം. എല്ലാവരും നോക്കിക്കണ്ടു കാര്യങ്ങൾ മനസ്സിലാക്കണം എന്നുള്ളതാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. നാടകത്തിന്റെ ഓരോ രംഗവും നടന്മാർ നടിച്ചു കാണിക്കുന്നതിന്റെ വിധത്തെയും ഓർമിപ്പിക്കുന്നു. കർട്ടൻ നീങ്ങുമ്പോൾ നടന്മാരെയും അവരുടെ അഭിനയത്തെയും കാണാം. ആ രംഗം തീരുമ്പോൾ കർട്ടൻ വീഴും. പിന്നീട് വേറൊരു രംഗം കാണിക്കും. ഇതുപോലെ മറനീക്കി ഭാവികാര്യങ്ങളെ കാണിക്കുകയാണ് വെളിപ്പാടുപുസ്തകം ചെയ്തിരിക്കുന്നത്.

**വാക്യം ഒന്ന്: അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കൺടതൊക്കെയും സാക്ഷീകരിച്ചു.**

യോഹന്നാൻ ദൈവവചനത്തിനു സാക്ഷ്യം വഹിച്ചു. മുമ്പും താൻ അതു ചെയ്തിട്ടുൺട്. ഈ പുസ്തകം ദൈവവചനത്തിന് താൻ വഹിച്ച സാക്ഷ്യമാണ്. ദൈവദൂതൻ മുഖാന്തിരം യോഹന്നാനോടു സംസാരിച്ചതും യേശുക്രിസ്തു നേരിട്ടു സംസാരിച്ചതുമത്രേ വെളിപ്പാടുപുസ്തകം. യോഹന്നാൻ കേട്ടെഴുതുന്ന ഒരാൾ മാത്രമായിരുന്നു. യോഹന്നാന്റെ മറ്റു പുസ്തകങ്ങളിൽനിന്നും വ്യത്യസ്തമാകുവാൻ കാരണം.

യോഹന്നാൻ കൺടതൊക്കെയും സാക്ഷീകരിച്ചു. കേൾക്കുന്ന കാര്യങ്ങളേക്കാൾ കാണുന്ന കാര്യങ്ങൾക്കു കൂടുതൽ പ്രാധാന്യം ഉൺട്. യെരമ്യാവ്, ആമോസ്, യെഹസ്കിയേൽ എന്നിവർക്ക് പല വിഷയങ്ങൾ കാണിച്ചുകൊടുത്തതായി ആ പുസ്തകങ്ങളിൽ കാണാം. അങ്ങനെ വെളിപ്പാടു പുസ്തകത്തിന്റെ കാര്യങ്ങൾ യോഹന്നാൻ കൺടു. അത് നമുക്കും കാണിച്ചു തന്നിരിക്കുന്നു. വെളിപ്പാടുപുസ്തകത്തിലെ ഓരോ വാക്യവും യോഹന്നാൻ കൺട കാര്യങ്ങളുടെ സാക്ഷീകരണമാണ്. ഈ പുസ്തകത്തിന്റെ ഉദ്ദേശ്യവും സാക്ഷീകരണമാണ്.

അക്ഷി(കണ്ണ്)യോടു കൂടിയവൻ എന്നാണ് സാക്ഷി എന്നതിന്റെ അർത്ഥം. കൺട കാര്യങ്ങളാണ് സാക്ഷികൾ പറയുന്നത്. യോഹന്നാൻ കൺടു, അത് നമ്മോടു അറിയിച്ചു. നാം അത് വായിച്ചും പഠിച്ചും അത് സാക്ഷീകരിക്കണം. കർത്താവ് ആർ, അവൻ എന്തെല്ലാം ചെയ്യുവാൻ പോകുന്നു, എന്നിത്യാദി കാര്യങ്ങളെ നാമും സാക്ഷീകരിക്കേൺടതിന് ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നു. യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവുതന്നെ (19:10). പ്രവചനത്തിന്റെ ആത്മാവു യേശുവിനെ സാക്ഷിക്കുവാനുള്ള കാര്യങ്ങൾ നമുക്കു പ്രദാനം ചെയ്യുന്നതാണ്. പ്രവചനപഠനത്താലും പ്രസംഗത്താലും എഴുത്തുമൂലവും ബൈബിൾ ക്ലാസുകളിലൂടെയും അത് നടക്കണം.

നാം കേട്ടതായ വചനം മറ്റുള്ളവരോടു സാക്ഷ്യമായി പ്രസ്താവിക്കേൺടതുൺട്. അല്ലെങ്കിൽ അത് പാപമായിരുന്നു (ലേവ്യ 5:1). കർത്താവു തന്റെ ശിഷ്യന്മാരെ ഉപയോഗിച്ചത് അവന്റെ സാക്ഷികൾ എന്ന നിലയിലാണ്. ശമര്യസ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. യോഹന്നാൻ 4:39. ഭൂലോകത്തിന്റെ അറ്റത്തോളം നാം അവന്റെ സാക്ഷികൾ ആകേണം. (അപ്പ.പ്രവൃത്തി 1:8). സാക്ഷി എന്ന വാക്ക് നാം ആദ്യം കാണുന്നത് ഉൽപ്പത്തി 21:30ൽ ആണ്.

## ആരെല്ലാം സാക്ഷീകരിച്ചു

1 യോഹന്നാൻ 5:9 ദൈവം പുത്രനെക്കുറിച്ചു സാക്ഷീകരിച്ചു

1 പത്രോസ് 1:11 ക്രിസ്തുവിന്റെ ആത്മവ് ക്രിസ്തുവിനെക്കുറിച്ച് സാക്ഷികരിച്ചു

അപ്പ. പ്രവൃത്തി 23:11 പൗലോസ് സാക്ഷീകരിച്ചു

2 ദിന.24: 19 പ്രവാചകന്മാർ സാക്ഷീകരിച്ചു

ലൂക്കോസ് 24:35 എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ സാക്ഷീകരിച്ചു

യോഹന്നാൻ 4:39 ശമര്യാസ്ത്രീ സാക്ഷീകരിച്ചു

അപ്പ.പ്രവൃത്തി 3:15 പത്രോസ് സാക്ഷീകരിച്ചു

## ദൈവത്തിന് സ്വീകാര്യമായ സാക്ഷ്യങ്ങൾ

അപ്പ.പ്രവൃത്തി 1:8 പരിശുദ്ധാത്മ ശക്തി പ്രാപിച്ചിട്ട് നൽകുന്ന സാക്ഷ്യം

മർക്കോസ് 5:18,19 സ്വഭവനത്തിൽ വഹിക്കുന്ന സാക്ഷ്യം

സങ്കീർത്തനം 66:16 വിശുദ്ധന്മാരുടെ സംഘത്തിലെ സാക്ഷ്യം

2 തിമോത്തി 1:8 ലജ്ജയോ ഭയമോകൂടാതെയുള്ള സാക്ഷ്യം

യെരമ്യാവ് 20: 9 ഹൃദയത്തിൽനിന്നുള്ള ജ്വലനത്താലുള്ള സാക്ഷ്യം

അപ്പ.പ്രവൃത്തി 4:20, 5:32, 26:22 അടക്കിവയ്ക്കുവാൻ സാധിക്കാത്ത സാക്ഷ്യം

## ദൈവം വെറുക്കുന്നതും സ്വീകരിക്കാത്തതുമായ സാക്ഷ്യം

സങ്കീർത്തനം 50: 16–22 മാതൃകാജീവിതമില്ലാത്തവരുടെ സാക്ഷ്യം

1 തിമോത്തി 6: 3–5 ദൈവഭക്തി ആദായസൂത്രമാക്കുന്നവരുടെ സാക്ഷ്യം

ഫിലിപ്പിയർ 1: 15–17 മത്സരബുദ്ധികളുടെ സാക്ഷ്യം

യെരമ്യ 48:10 ഉദാസീനരുടെ സാക്ഷ്യം

ക്രിസ്തുവിനെക്കുറിച്ചുള്ള അനുഭവത്തിൽനിന്നത്രെ സാക്ഷ്യം രൂപം കൊള്ളുന്നത്. സമാധാനപൂർണ്ണവും പ്രത്യാശയുമുള്ള ജീവിതം നയിക്കുന്ന ഒരു വിശ്വാസിക്കു ക്രിസ്തുവിനെക്കുറിച്ചും പറയുവാനുള്ള സാക്ഷ്യം നിമിത്തം മറ്റുള്ളവരും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ആകർഷിക്കപ്പെടുവാനിടയാകുന്നു (1പത്രോസ് 2:9).